# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 317** **2-3-2020 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ അംഗങ്ങളുടെ നിയമനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ടി.ജെ. വിനോദ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും വിരമിച്ചവരെ മെമ്പറായി നിയമിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജില്ലാ ഫോറങ്ങളുടെ വിധികളിൽ അപ്പീൽ അധികാരി സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ ആണോ എന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ വിധികളിൽ അപ്പീൽ അധികാരി സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനാണ്. |
| (സി) | ധാരാളം ഇൻഷ്വറൻസ് കേസുകളിൽ ജില്ലാ ഫോറങ്ങളിൽ നിന്നും വിധി വരുന്ന സാഹചര്യത്തിൽ അതിൻ- മേൽ അപ്പീൽ കേൾക്കാൻ അതേ കമ്പനിയിൽ നിന്നുതന്നെ വിരമിച്ച വ്യക്തിയെ നിയമിച്ചതിന്റെ സാംഗത്യം വ്യക്തമാക്കുമോ; | (സി) | ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യതയുള്ള അപേക്ഷകരിൽ നിന്ന് സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി സമർപ്പിക്കുന്ന പാനലിൽ നിന്നാണ് നിയമനം നടത്തുന്നത്. |
| (ഡി) | സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച എത്രപേരെ സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും മെമ്പർമാരായി നിയമിച്ചിട്ടുണ്ട്; അവർ ആരൊക്കെ; ഏതൊക്കെ വകുപ്പുകളിൽ നിന്നും വിരമിച്ച- വരാണെന്നും ഏതൊക്കെ ജില്ലകളിൽ ആണ് മെമ്പർമാരായി നിയമിച്ചതെന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ന്യൂഇന്ത്യ അഷ്വറൻസ് കമ്പനിയിൽ നിന്ന് വിരമിച്ച ശ്രീ. രാധാകൃഷ്ണൻ.കെ.ആർ-നേയും, ഇടുക്കി ഫോറത്തിൽ കോമേഴ്സ്യൽ ടാക്സസ് വകുപ്പിൽ നിന്ന് വിരമിച്ച ശ്രീ. അമ്പാടി കെ.എസ്-നേയും, കോട്ടയം ഫോറത്തിൽ പോലീസ് വകുപ്പിൽ നിന്ന് വിരമിച്ച ശ്രീ.കെ.എം.ആന്റോയേയും, എറണാകുളം ഫോറത്തിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് വിരമിച്ച ശ്രീ. വി. രാമചന്ദ്രനേയും, തൃശ്ശൂർ ഫോറത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി- യിൽ നിന്ന് വിരമിച്ച ഡോ.കെ.രാധാകൃഷ്ണൻ നായരേയും, വയനാട് ഫോറത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീ. എ. എസ് സുഭഗനേയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ